32

# ക്രൂശിന്റെ അപരാധം

**മത്തായി 16:16-23; 26:31-35;**
**മർക്കൊസ് 8:27-33; 14:27-31**

*"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു, യെഹൂദന്മാർക്കു ഇടർച്ചയും ജാതികൾക്കു ഭോഷത്വവുമെങ്കിലും, യെഹൂദന്മാരാകട്ടെ യവനന്മാരാകട്ടെ, വിളിക്കപ്പെട്ട ഏവർക്കും, ദൈവ ശക്തിയും ദൈവജ്ഞാനവുമായ ക്രിസ്തുവിനെ തന്നെ" (1 കൊരിന്ത്യർ 1:23, 24).*

ഒരു വലിയ അപ്പൊസ്തലനായിരുന്ന പൗലൊസ് പറഞ്ഞു, *"എനിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ക്രൂശിൽ അല്ലാതെ, പ്രശംസിപ്പാൻ ഇട വരരുത്"* (ഗലാത്യർ 6:14; കെജെവി; എംഫ സിസ് മൈൻ). ക്രൂശിന്റെ യാതനയിൽ നിന്നാണ് ക്രൂശിന്റെ മഹത്വം വരുന്നത്. ദൈവപുത്രൻ തന്റെ ക്രൂശിലെ മരണത്തെ മഹത്വകരമായ വിജയമാക്കി തീർത്തു.

ദൈവത്തിനു തന്റെ ജനത്തോടുള്ള വലിയ സ്നേഹം ക്രൂശിൽ വെളി പ്പെടുത്തി. തന്റെ പുത്രന്റെ മരണം മുഖാന്തരമാണ് അവൻ എല്ലാം വ്യ ക്തമാക്കിയത്. അതിൽ കൂടുതലായി അവനെന്തു പറയുവാൻ കഴിയും? ക്രൂശിന്റെ മഹത്വം നാം കാണാതിരിക്കുവാൻ സാത്താൻ നമ്മുടെ കണ്ണു കളെ അടക്കുവാൻ കിണഞ്ഞു പരിശ്രമിച്ചു. നാം അതിനെ നിരസിക്കേ ണ്ടതിന് സാത്താൻ നമ്മുടെ ബുദ്ധിക്ക് അതിനെ നിന്ദാപൂർവ്വം നിരസി ക്കുന്നതും പരിഹാസ്യവുമാക്കിത്തീർത്തു. അതുകൊണ്ടു, "ക്രൂശിന്റെ അപരാധം," തിരിച്ചറിയുന്നതു നിർണ്ണായകമാണ്. ക്രൂശ് മുഖാന്തരം നമ്മെ രക്ഷിപ്പാൻ ദൈവം അതുപയോഗിച്ചപ്പോൾ, അതിനെ അധിക്ഷേപിക്കുന്ന തിലേക്ക് പിശാച് നമ്മെ നയിക്കുവാൻ ശ്രമിച്ചു. നാം "ക്രൂശിന്റെ അപ രാധം," മനസ്സിലാക്കിയില്ലെങ്കിൽ, ഒരുപക്ഷെ ഈ ലോകത്തിന്റെ ദൈവ മായ, പിശാചിന്റെ പ്രവൃത്തി, നാം കാണാതെ പോകും! അവന്റെ തന്ത്ര ങ്ങളെ നാം തെറ്റിദ്ധരിക്കുന്നത് അവയാൽ നാം വഞ്ചിക്കപ്പെടാൻ അനു വദിക്കുന്നതുപോലെയാണ്!

പ്രസംഗങ്ങൾ, പാട്ടുകൾ, പുസ്തകങ്ങൾ, കല, ദൈനന്തിന സംഭാ ഷണങ്ങൾ എന്നിവയെല്ലാം ക്രൂശുമായി ബന്ധപ്പെട്ടിരിക്കുന്നു. പിന്നെ, എങ്ങനെ, അതിലെന്തെങ്കിലും അപരാധം ഉൾക്കൊള്ളുന്നു? ചിലർ യേശു

വിനെ കുറിച്ചു "സുന്ദരമായ ഉണ്ണിയേശു" അല്ലെങ്കിൽ "നിസ്സഹായ നായി ക്രൂശിൽ മരിക്കുന്ന മനുഷ്യൻ" എന്നോ പറഞ്ഞുകൊണ്ട് യേശു വിനെ "നിരുപദ്രവകാരിയായ മനുഷ്യൻ" ആയി കാണും. ആ ക്രൂശിന്റെ സംഭവത്തെ ഒരു വൈകാരിക കഥ പോലെയാക്കാൻ കാര ണമായത് ഇതാണ്. പ്രചാരത്തിലിരിക്കുന്ന പ്രസംഗങ്ങളാൽ ക്രൂശിൽ അന്തർലീനമായിരിക്കുന്ന അക്രമം, രക്തം, ക്രൂരകൃത്യം എന്നിവ മാറ്റി യിരിക്കയാണ്; അത് ക്രൂശിനെ വേദനയില്ലാത്തതും തൽഫലമായി തരി ശുമാക്കി.

ഒരുപക്ഷെ ഇന്നു ജീവിക്കുന്നവർ ആരും കുരിശിൽ തറെക്കൽ കാണാനിടയില്ല. അത്തരം മരണം വാക്കുകൾക്കപ്പുറമായി ലജ്ജാകരമാ യിരുന്നു. നമ്മുടെ കാഴ്ച്ചപ്പാടിൽ, നമുക്കു ക്രൂശിന്റെ യാതന ഗ്രഹിക്കു വാൻ അസാധ്യമാണ്. സഭാ കെട്ടിടത്തിന്റെ മുകളിൽ നാം ക്രൂശ് വെച്ചേക്കാം; അതു മനോഹരവും അലംകൃതവുമാണെന്നു നാം വിചാരി ക്കുന്നു. എങ്ങനെയായാലും, ക്രൂശ് "ശരിയായ വാസ്തു വിദ്യ" മാത്ര മല്ല; അതു "ഒരു അർത്ഥവത്തായ സംഭവം" മാത്രവുമല്ല. യേശു മരിച്ച തിന്റെ അർ – ത്ഥം മനസ്സിലാക്കാതെ ആളുകൾ ക്രൂശിനെ മഹത്വപ്പെടു ത്തുന്നു. ക്രൂശ് വൈകാരികമായ കഥ പറച്ചൽ അല്ല; അതു മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി ദൈവപുത്രന്റെ ചരിത്രപരമായ മരണം ആയിരുന്നു.

നാം ജീവിതത്തെ സ്നേഹിക്കുന്നു; ക്രൂശ് മരണത്തിന്റെ അവതര ണമാണ്. നാം വിജയം ആഗ്രഹിക്കുന്നു; പരാജയത്തോടെയാണ് ക്രൂശ് ആരംഭിക്കുന്നത്. നാം സമാധാനം അന്വേഷിക്കുന്നു; പോരാട്ടത്തിൽ നിന്നുമാണ് ക്രൂശ് ഉണ്ടായത്. നാം സൗന്ദര്യം ഇഷ്ടപ്പെടുന്നു; ക്രൂശ് വിരൂപമായിരുന്നു. മനുഷ്യൻ ആഗ്രഹിക്കുന്നതിന്റെയെല്ലാം നേരെ എതി രായിരുന്നു ക്രൂശ്. വിമർശകർ എതിർത്തു, "ദൈവത്തിന് ദൈവമായിരി ക്കാൻ എങ്ങനെ ധൈര്യം ഉണ്ടായി!" എന്നിട്ടു പോലും, അവൻ അങ്ങനെ ആയിരുന്നു, അങ്ങനെ ആണ്, എപ്പോഴും അങ്ങനെ ആയിരിക്കും! നീതി മാനായ ഏകദൈവത്തെ പോലെ, അവൻ, തന്റെ പുത്രനെ നമ്മുടെ പാപ ങ്ങളെ വഹിച്ചു യാതനയോടെ ക്രൂശിൽ മരിപ്പാൻ അനുവദിച്ചു.

താൻ ഇടർച്ച വരുത്തും എന്നു യേശു തന്റെ ശിഷ്യന്മാരോടു തറ പ്പിച്ചു പറഞ്ഞു (മത്തായി 16:16–23; 26:31–35; മർക്കൊസ് 8:27–33). ക്രിസ്തു ഒരു ഗ്രീക്കു വാക്കുപയോഗിച്ചു അതിന്റെ അർത്ഥം "സ്ക്കാന്റലൈ സ്ഡ്,"[1] തന്നിൽ തന്റെ ശിഷ്യന്മാർ ഇടറും എന്നും പറഞ്ഞു (മർക്കൊസ് 14:27–31; യോഹന്നാൻ 6:60, 61).

യേശുവിനാലും അവന്റെ ക്രൂശിലെ മരണത്താലും ആളുകൾ ഇടറി *ഇരുന്നു*! ക്രൂശിൽ തറെക്കുന്ന ഒരു സാധാരണ കുറ്റവാളി എങ്ങനെ അവ രുടെ രക്ഷകനാകും എന്നതു അവർക്കു കാണുവാൻ കഴിഞ്ഞില്ല. എന്നാൽ സൗമ്യരായ റോമൻ സമൂഹത്തിനു, "ക്രൂശ്" എന്ന വാക്ക് അസ ഭ്യമായിരുന്നു, അത് പൊതുജനം ഒഴിവാക്കിയിരുന്ന വാക്കായിരുന്നു. യേശുവിനെ ക്രൂശിൽ തറെക്കുന്ന ആശയം പത്രൊസിനു ചിന്തിക്കാവു ന്നതായിരുന്നില്ല; അവൻ യേശുവിനെ അതിൽ നിന്നു സംരക്ഷിക്കുവാൻ ആഗ്രഹിച്ചു. അവൻ അസ്വസ്ഥനായിരുന്നു. ദൈവം തന്റെ ഇഷ്ടപ്രകാരം കാര്യങ്ങളെ കൈകാര്യം ചെയ്യുവാൻ നാം ആഗ്രഹിക്കുന്നില്ല! പഴയ

നിയമ തിരുവെഴുത്തിൽ മരത്തിന്മേൽ (ക്രൂശ്) തൂങ്ങുന്നവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു പറഞ്ഞിരിക്കുന്നതു പൗലൊസ് അറിഞ്ഞിരുന്നു (ആവർത്തനപുസ്തകം 21:23; പ്രവൃത്തികൾ 5:30; നോക്കുക ഗലാത്യർ 3:13); യേശു അത്തരം മരണം സഹിക്കുവാൻ പത്രൊസ് ആഗ്രഹിച്ചിരുന്നില്ല.

യേശു ഉടനെ പത്രൊസിനെ സാത്താനായി തിരിച്ചറിഞ്ഞു, പതറാതെ പ്രതികരിച്ചു (മത്തായി 16:23). ആളുകൾക്കു അവരുടെ ശത്രുക്കളെ ശാസിക്കുവാനറിയാം, പക്ഷെ അവരുടെ സ്നേഹിതന്മാരെ ശാസിക്കുവാൻ അവർക്കറിയില്ല. യേശു അവനെ കർശനമായി ശാസിച്ചു, സാത്താനെ അവനിൽ നിന്നു പുറത്തു പോകുവാൻ പറഞ്ഞു, കാരണം അവൻ ക്രൂശിലേക്കുപോകുകയായിരുന്നു.

ക്രൂശ് യേശുവിന് യുദ്ധക്കളമായിരുന്നു. ഗെദ്ശമെനയിൽ വെച്ചു കഴിയുമെങ്കിൽ, ഇതല്ലാതെ മറ്റു മാർഗ്ഗത്തിനായി യേശു ദൈവത്തോടു പ്രാർത്ഥിക്കുകയും അവന്റെ "വിയർപ്പു ചോരത്തുള്ളി" പോലെ വീഴുകയും ചെയ്തു (ലൂക്കൊസ് 22:40–44). ക്രൂശല്ലാതെ മറ്റൊരു വഴിയും ഇല്ലായിരുന്നു.

പൗലൊസ് സുവിശേഷത്തെ കുറിച്ചു ലജ്ജിച്ചില്ല (റോമർ 1:16, 17). നാം ലജ്ജിക്കുന്നുണ്ടോ? പരീക്ഷണം എല്ലായ്പ്പോഴും ക്രൂശിനെ മാറ്റുവാൻ, അതിനെ ചുരുക്കുവാൻ ആയിരുന്നു. ഗലാത്യർ 5:11–ൽ (എൻകെജെവി) പൗലൊസ് "ക്രൂശിന്റെ അപരാധത്തെ" മാത്രമല്ല പറഞ്ഞതു, എന്നാൽ ക്രിസ്തുവിനെ "ഇടർച്ചക്കല്ലായും" വെളിപ്പെടുത്തുന്നുണ്ട് (റോമർ 9:31–33). ക്രൂശ് യെഹൂദന്മാർക്കു തടസ്സവും ജാതികൾക്കു ഭോഷത്വവുമാണെന്നു അവൻ പഠിപ്പിച്ചു (1 കൊരിന്ത്യർ 1:17–25).

ക്രൂശ് മനസ്സിലാക്കുന്നതുവരെ യേശു തരുന്ന രക്ഷ നമുക്കു മനസ്സിലാവുകയില്ല. പാപത്തെ തോല്പിക്കുവാനുള്ള ഏകവഴി പാപത്തെ നീതിയോടെ വിധിക്കുന്നതിലൂടെയാണെന്ന് ക്രൂശിൽ വച്ച് ദൈവം പറഞ്ഞു. ക്രൂശ് കാര്യമല്ലെങ്കിൽ, പിന്നെ മറ്റൊന്നും കാര്യമല്ല!

ക്രൂശ് പോലെ ഒരുപക്ഷെ ഇത്രയും വിവാദ വിഷയവും, ഇടർച്ചയായതും, വിയോജിപ്പുണ്ടാക്കിയതുമായ വിഷയം മറ്റൊന്നുണ്ടായിരിക്കയില്ല. ആളുകളെ കോപപരവശരാക്കിയതിൽ യേശുവിനെ പോലെ മറ്റാരും ഉണ്ടായിരുന്നിരിക്കയില്ല, ഉണ്ടാകുന്നുമില്ല!

*ക്രൂശ് ഇടർച്ചയായി തീരുവാൻ കാരണം, മനുഷ്യൻ അല്ല, ദൈവമാണ് ശരി എന്നതുകൊണ്ടാണ്.* (1) നമ്മുടെ പ്രശ്നം *പാപം* ആകയാൽ ദൈവം ശരിയായിരിക്കുന്നു. (2) *പാപത്തി*നുള്ള ഏക ഉത്തരം ക്രൂശ് ആകയാൽ ദൈവം ശരിയായിരിക്കുന്നു! പാപികൾ നഷ്ടപ്പെട്ടവരും, പ്രത്യാശയില്ലാത്തവരും, നരക – ബന്ധിതരും ആണ്. ഇതു നമുക്ക് ഇടർച്ചയാകുന്നു. രക്ഷ ആവശ്യമാണെന്ന വിധത്തിൽ നാം നഷ്ടപ്പെട്ടവരാണെന്നു നമ്മിൽ അധികം പേരും സമ്മതിക്കയില്ല. പാപികളുടെ കുറ്റം ഓർമ്മിപ്പിക്കുന്നതോ, അതറിയുന്നതോ, അവർ ഇഷ്ടപ്പെടുന്നില്ല. നാം പാപികൾ ആണെന്നു പറയുന്നതു നമ്മുടെ അഹംഭാവത്തിനും, സ്വാർത്ഥതക്കും, കാഠിന്യമുള്ള പാപം നിറഞ്ഞ ഹൃദയത്തിനും, എതിരാണ്. ക്രിസ്തു അഭക്തർക്കുവേണ്ടി, അതായതു, പാപികൾക്കുവേണ്ടി

മരിച്ചു (റോമർ 5:6–8). നാമെല്ലാം അതിനിടയാക്കി!

*ക്രൂശ് ഇടർച്ചയാകുവാൻ കാരണം, പാപികൾക്ക് രക്ഷ യോഗ്യമാക്കുവാനോ, സമ്പാദിക്കുവാനോ, വിലെക്കു വാങ്ങുവാനോ കഴിയുകയില്ല.* കൃപയുടെ ഇടർച്ചയാണ് നാം ഇവിടെ കാണുന്നത്! മനുഷ്യനു സ്വയം രക്ഷിക്കപ്പെടുവാൻ സാധ്യമല്ല. എങ്ങനെയായാലും, നീതി എന്ത് ആവശ്യപ്പെട്ടുവോ, അതു കൃപ നല്കി. അതിനുവേണ്ടതെല്ലാം യേശു കൊടുത്തു. പാപിയായ മനുഷ്യൻ ശാശ്വതമായി യേശുവിനെ കൂടാതെ നിസ്സഹായനാണ്! ക്രൂശിനെ ഊഹിക്കുവാനോ വിവരിക്കുവാനോ മനുഷ്യനു കഴിയുകയില്ല – അവനു അതു താഴ്മയോടെ വിശ്വസിക്കുവാനേ കഴിയൂ. അതു നമുക്കു ഇടർച്ച വരുത്തുന്നു.

*"നമ്മുടെ നിലയിൽ" നമുക്കു ദൈവത്തോടു പ്രതികരിക്കുവാൻ കഴിയാത്തതു കൊണ്ടു ക്രൂശ് ഇടർച്ചയാകുന്നു.* യേശു പറഞ്ഞു, "ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (യോഹന്നാൻ 14:6). അവന്റെ പ്രസ്താവന ഇടുങ്ങിയതും, ഞെരുക്കമുള്ളതും, പ്രത്യേകതയുള്ളതും, അസഹനീയവും, വിധി കല്പിതവും ... എങ്കിലും സത്യമതായിരുന്നു. അത്തരം പ്രഖ്യാപനം ഇടർച്ചയാകുന്നു (നോക്കുക പ്രവൃത്തികൾ 4:11, 12). നാം ദൈവത്തെയാണോ അതോ മനുഷ്യരെയാണോ പ്രസാദിപ്പിക്കുവാൻ ശ്രമിക്കുന്നത്? (യോഹന്നാൻ 12:42, 43; പ്രവൃത്തികൾ 5:29). ക്രിസ്തുവിനപ്പുറമായി ഒരു പാപിയും രക്ഷപ്പെടുവാൻ സാധ്യമല്ല. ദൈവം എവിടെ ക്രൂശ് വെച്ചിരിക്കുന്നുവോ, അവിടെ നാം ക്രൂശ് വെയ്ക്കുവാൻ സമയമായി. ദൈവം തന്നെ ... നമ്മിൽ നിന്നു ... തന്നെത്താൻ നല്കി ... നമ്മെ രക്ഷിച്ചു!

*ക്രൂശ് ...*
*അല്ലാതെ മറ്റൊരു വഴി ഇല്ല!*

---

കുറിപ്പ്

[1]"സ്ക്കാന്റലൈസ്ഡ്," എന്നതിന്റെ ഗ്രീക്ക് വാക്ക്, *സ്കാൻഡലൈസോ,* അർത്ഥം "വീഴുക."

© 2009 Truth for Today